# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7007** **02.11.11-ൽ മറുപടിക്ക്**

**<u>സെൻട്രൽ റോഡു ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ റോഡുകൾ</u>**

<u>ചോദ്യം</u>

<u>ശ്രീ. ഇ.പി. ജയരാജൻ :</u>

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുകയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുകയുടെ വിതരണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിൽ ഇതിൽ നിന്ന് ഏതെല്ലാം റോഡുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത് ?

<u>മറുപടി</u>

<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്</u>
<u>(മരാമത്ത് വകുപ്പു മന്ത്രി)</u>

(എ), (ബി) & (സി) നടപ്പു സാമ്പത്തിക വർഷത്തിൽ സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഒരു പ്രവൃത്തിയ്ക്കും അനുമതി ലഭിച്ചിട്ടില്ല. കഴിഞ്ഞ വർഷങ്ങളിൽ അനുവദിച്ച് നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾക്കായി 44.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2011-12-ൽ കേരളത്തിന് സി.ആർ.എഫ്-ലേക്ക് ഇന്ധന വില്പന വഴി അർഹതപ്പെട്ടത് 44.48 കോടിയാണ്. 1.4.2011-ലെ കണക്കനുസരിച്ച് BOS (Bank of Sanction) 225.32 കോടിയാണ്. കേന്ദ്ര ഗവൺമെന്റ് നയമനുസരിച്ച് 44.48 കോടിയുടെ ഇരട്ടിയേ ലഭിക്കേണ്ടതുള്ളു എന്നാൽ അവകാശപ്പെട്ട 44.48 കോടിയുടെ അഞ്ചിരട്ടി (225.32) തുകയ്ക്കുള്ള ജോലികൾ 1.4.2011 വരെ കേരളത്തിന് അനുവദിക്കുകയും എന്നാൽ ജോലികൾ പലകാരണങ്ങളാൽ നടക്കാതെ മുടങ്ങികിടക്കുകയും ചെയ്തതുമൂലം ഈ വർഷം സി.ആർ. എഫ്-ൽ നിന്നും കേരളത്തിന് റോഡ് പണിയ്ക്ക് തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ